നടപടികൾ ഊർജ്ജിതമായി നടപ്പാക്കിവരുന്നു. കൂടാതെ കേരളത്തിലെ ലഭ്യമായ ജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായങ്ങൾവഴി മത്സ്യകൃഷിയും മത്സ്യോത്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യകേരളം പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 10,000 ഹെക്ടർ ജല പ്രദേശങ്ങളിൽ മൂന്ന് വർഷക്കാലയളവിൽ ശുദ്ധജല/ഓരുജല മത്സ്യക്കൃഷി നടപ്പാക്കുന്നു. ഇതിന് പുറമെ അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽക്കൃഷിക്കുശേഷം മത്സ്യക്കൃഷി നടത്തുന്ന ഒരു നെല്ലും ഒരു മീനും പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റുകൊഞ്ച് കൃഷിയും നടപ്പാക്കിവരുന്നു. വിദർഭ പാക്കേജ് വഴി മത്സ്യകൃഷി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കിവരുന്നു. ദേശീയ മത്സ്യ വികസന ബോർഡ് (എൻ.എഫ്.ഡി.ബി) സഹായത്തോടെ ഏഴ് റിസർവ്വോയറുകളിൽ മത്സ്യ/ആറ്റുകൊഞ്ചു കൃഷി പാലക്കാട് ജില്ലയിൽ നടപ്പാക്കിവരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട 20 റിസർവ്വേയറുകളിൽക്കൂടി മത്സ്യക്കൃഷി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പ്രകാരം ആറ്റുകൊഞ്ച്/കരിമീൻ/ചെമ്മീൻ കൃഷിയും വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു.

മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദന കേന്ദ്രം

193 (4871) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴയിലെ മത്സ്യ കുഞ്ഞുങ്ങളുടെ ഉൽപ്പാദന കേന്ദ്രത്തിൽ പ്രതിവർഷം എത്ര മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നുണ്ട് ;

(ബി) പ്രസ്തുത കേന്ദ്രം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത് ;

(സി) ഇതിൽ എന്തൊക്കെ പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ഡി) വികസന പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ?

ഉത്തരം

(എ) മലമ്പുഴ ദേശീയ മത്സ്യവിത്തുല്പാദന കേന്ദ്രത്തിൽനിന്ന് പ്രതിവർഷം 50 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 60 ലക്ഷം കുഞ്ഞുങ്ങളുടെ ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. ഇതിൽ പുതിയ കുളങ്ങളുടെ നിർമ്മാണവും, പഴയ കുളങ്ങളുടെ പുനരുദ്ധാരണവും നടന്നുവരുന്നു. കൂടാതെ ഫിഷ് മ്യൂസിയം, അക്വാകൾച്ചർ ലാബ്, ട്രെയിനിംഗ് സെന്റർ എന്നിവയുടെ പ്രവൃത്തികളും ഉൾപ്പെടുന്നു.

(സി) പത്ത് കുളങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം നടന്നുവരികയാണ്.

(ഡി) പ്രസ്തുത വികസന പ്രവൃത്തികൾ 2010 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അലങ്കാര മത്സ്യക്കൃഷിയുടെ ഉൽപ്പാദനത്തിന് ആരംഭിച്ചിട്ടുള്ള സാറ്റലൈറ്റ് ഫിഷ് ഫാമുകൾ

194 (4818) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലങ്കാര മത്സ്യകൃഷിയുടെ ഉൽപ്പാദനത്തിന് സംസ്ഥാനം ആരംഭിച്ചിട്ടുള്ള സാറ്റലൈറ്റ് ഫിഷ് ഫാമുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പേരാവൂർ മണ്ഡലത്തിൽ ഈ സർക്കാർ ആരംഭിച്ച പഴശ്ശിരാജ സാറ്റലൈറ്റ് ഫിഷ് ഫാമിൽനിന്നും അലങ്കാര മത്സ്യകൃഷി ഉൽപാദനം ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരപ്പനങ്ങാടി, നെയ്യാർ, പഴശ്ശി എന്നിവിടങ്ങളിലാണ് സാറ്റലൈറ്റ് ഫിഷ് ഫാമുകൾ ആരംഭിച്ചിട്ടുള്ളത്.

(ബി) പേരാവൂർ നിയോജകമണ്ഡലത്തിലെ പഴശ്ശിയിലുള്ള സാറ്റലൈറ്റ് ഫിഷ് ഫാമിൽ, അലങ്കാര മത്സ്യങ്ങളുടെ ഉൽപ്പാദനം ആരംഭിച്ചു. ഏകദേശം 77,000 രൂപയുടെ അലങ്കാര മത്സ്യങ്ങൾ ഇതിനകം കയറ്റുമതി ചെയ്തു.

ശുദ്ധജല മത്സ്യക്കൃഷി

195 (4819) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതൊക്കെ അണക്കെട്ടുകളിലാണ് ശുദ്ധജല മത്സ്യകൃഷി ആരംഭിച്ചിട്ടുള്ളത് ;

(ബി) വൈദ്യുതി ഇറിഗേഷൻ അണക്കെട്ടുകളിൽ ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly